പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

10/06/2013 ൽ
മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 109

## സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് ഇതിനകം നടന്ന പ്രവർത്തനങ്ങളും ബോർഡിന്റെ കാര്യാലയങ്ങളും അവയുടെ ചുമതലകൾ വഹിക്കുന്നവരേയും സംബന്ധിച്ച വിവരങ്ങളും നൽകുമോ; | (എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് നിലവിൽ വന്നതിനുശേഷം ക്ഷേമനിധിയിൽ 3000 അപേക്ഷകർക്ക് അംഗത്വകാർഡ് നൽകിയിട്ടുണ്ട്. 60 വയസ്സ് കഴിഞ്ഞവരും അഞ്ചുവർഷത്തെ അംശാദായം ഒറ്റത്തവണയായി അടച്ച് ക്ഷേമനിധി അംഗത്വത്തിനും തദ്വാര ക്ഷേമനിധി പെൻഷന് അർഹരായവരുമായ 803 കലാ സാംസ്കാരിക പ്രവർത്തകർക്ക് ക്ഷേമനിധി പദ്ധതി വിവക്ഷിക്കുംപ്രകാരം പ്രതിമാസം 1000 രൂപ വീതം ക്ഷേമനിധി പെൻഷൻ നൽകി വരുന്നു. 18 വയസ്സിനും 60 വയസ്സിനുമിടയ്ക്കുള്ളവരും ക്ഷേമനിധി അംഗത്വത്തിന് അർഹരായവരുമായ കലാ സാംസ്കാരിക പ്രവർത്തകരിൽ നിന്നും പ്രതിമാസ അംശാദായം പിരിച്ചെടുക്കുന്നതിന് നടപടികൾ കൈക്കൊണ്ടു വരികയാണ്. ഇതിനായി കേരളത്തിലുടനീളമുള്ള അക്ഷയ കേന്ദ്രങ്ങളുടെ സേവനം വിനിയോഗിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ അന്തിമഘട്ടത്തിലാണ്.<br><br>2010 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് പ്രകാരം രൂപീകൃതമായിട്ടുള്ള കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചലച്ചിത്ര വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കെട്ടിടത്തിൽ രണ്ടു വാടകമുറികളിലായി പ്രവർത്തിച്ചു വരുന്നു. ഇതിന് ആസ്ഥാന ഓഫീസ് മാത്രമേ ഉള്ളു. മേഖലാ ഓഫീസുകളോ ജില്ലാ ഓഫീസുകളോ ഇല്ല. ബോർഡ് ചെയർമാനായി ശ്രീ. ജി.സുരേഷ്കുമാറും സെക്രട്ടറിയായി ശ്രീ.കെ.മനോജ് കുമാറും പ്രവർത്തിച്ചു വരുന്നു. ചലച്ചിത്ര അക്കാദമി സെക്രട്ടറിയായ ശ്രീ.കെ.മനോജ് കുമാറിന് ഈ സ്ഥാപനത്തിന്റെ ചാർജ്ജ് നൽകിയിരിക്കുകയാണ്. |

| | | | |
|---|---|---|---|
| ബി) | കലാകാര പെൻഷൻ ഇപ്പോൾ നൽകുന്നുണ്ടോ എങ്കിൽ പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയി ട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതു കാലയളവ് വരെയെന്നും കുടിശ്ശിക തീർത്ത് എപ്പോൾ വിതരണം ചെയ്യു മെന്നും അറിയിക്കുമോ ? | ബി) | കലാകാര പെൻഷൻ ഇപ്പോൾ നൽകുന്നുണ്ട്. പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടില്ല. |

Sheela H

സെക്ഷൻ ഓഫീസർ